നാളികേരത്തിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേനയാണ് നൽകുന്നത്. നാളികേര കർഷകർക്ക് ആശ്വാസമായി നടപ്പിലാക്കിവരുന്ന പച്ചത്തേങ്ങ സംഭരണ പദ്ധതി ഊർജ്ജിതപ്പെടുത്തുന്നതിനും പദ്ധതി ഒരു സ്ഥിരം സംവിധാനമാക്കി മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും 24-4-2015-ലെ സ.ഉ.(എംഎസ്.) നമ്പർ 70/2015/കൃഷി പ്രകാരം അനുമതി നൽകിയിട്ടുണ്ട്. നിലവിൽ നാളികേരത്തിന്റെ വിപണിവില കിലോഗ്രാമിന് 16 രൂപ മുതൽ 18 രൂപ വരെയാണ്. സംഭരണ പദ്ധതി പ്രകാരം കർഷകർക്ക് നൽകുന്നത് കിലോഗ്രാമിന് 25 രൂപ നിരക്കിലാണ്.

എൻഡോസൾഫാൻ ദുരന്തബാധിതർക്ക് നഷ്ടപരിഹാരത്തിന് ട്രിബ്യൂണൽ രൂപീകരണം

131 (5481) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) എൻഡോസൾഫാൻ ദുരന്തബാധിതർ താമസിക്കുന്ന പ്രദേശങ്ങളിൽ പ്രകൃതിക്കും, ജീവജാലങ്ങൾക്കും, മനുഷ്യനും വന്ന നഷ്ടം കണക്കാക്കി നഷ്ടപരിഹാരം നൽകാൻ ട്രിബ്യൂണൽ രൂപീകരിക്കണമെന്ന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശം ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നിലപാട് വിശദീകരിക്കുമോ ?

ഉത്തരം

(എ&ബി) ട്രിബ്യൂണൽ രൂപീകരിക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു.

കാർഷികമേഖലയിലെ നൂതന പദ്ധതികൾ

132 (5482) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. റോഷി അഗസ്റ്റിൻ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാർഷികമേഖലയുടെ വളർച്ചക്കായി നടപ്പാക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കൃഷിക്കായി പ്രത്യേക ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് കാർഷിക നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ടോ :

(സി) കാർഷിക അനുബന്ധമേഖലകളിലെ എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച് പ്രത്യേക ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

* ജൈവകൃഷി.
* ഹൈടെക് കൃഷി.
* കാർഷിക കർമ്മസേന.
* അഗ്രോ സർവ്വീസ് സെന്ററുകൾ.
* ഇ-പേമെന്റ്.
* ക്ലസ്റ്റർ ഇനം തെങ്ങുകളുടെ കൃഷി വ്യാപകമാക്കാൻ ലക്ഷ്യമിട്ട് കൊണ്ടുള്ള "കേര സമൃദ്ധി പദ്ധതി".
* പച്ചത്തേങ്ങാ സംഭരണം.
* വിള ആരോഗ്യ പരിപാലന പദ്ധതി.
* നിറവ് പദ്ധതി.
* കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി.
* സോയിൽ ഹെൽത്ത് കാർഡ് പദ്ധതി.
* ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി (പി.കെ.വി.വൈ.)
* കൃഷി അനുബന്ധ മേഖലകൾ സമന്വയിപ്പിച്ചുകൊണ്ട് നടപ്പിലാക്കുന്ന റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി.
* പ്രിസിഷൻ ഫാമിംഗ് ഫെർട്ടിഗേഷൻ മഴമറകൃഷി (പച്ചക്കറി, വികസന പദ്ധതിയിലെ പുതിയ ഘടകങ്ങൾ)
* മാതൃകാ പദ്ധതിയിലെ പുതിയ ഘടകങ്ങൾ
* പച്ചക്കറി, പൂക്കൾ എന്നിവയുള്ള മികവിന്റെ കേന്ദ്രം

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) കൃഷി അനുബന്ധ മേഖലകൾക്ക് കൂടുതൽ പദ്ധതികളും ഫണ്ടുകളും നീക്കിവയ്ക്കുന്നതിനായി പ്രത്യേക കാർഷിക ബഡ്ജറ്റ് അവതരിപ്പിക്കണമെന്ന് സർക്കാർ അംഗീകരിച്ച കാർഷിക വികസന നയത്തിൽ ശിപാർശ ചെയ്തിട്ടുണ്ട്. (നയം 282-ന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം

133 (5483) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടികൾച്ചർ മിഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കർഷകർക്ക് അവരുടെ ഹോർട്ടിക്കൾച്ചർ വിളകളുടെ വിത്തുമുതൽ വിപണി വരെയുള്ള ആവശ്യങ്ങൾക്ക് അനുഭാവപൂർണ്ണമായ പിന്തുണ നൽകുകയാണ് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ പരമപ്രധാന ലക്ഷ്യം. ഹോർട്ടിക്കൾച്ചർ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും ഉത്പാദന വർദ്ധനവിനായി പുതിയ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുക, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം, ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുക, സംയോജിത സസ്യസംരക്ഷണമുറകൾ നടപ്പിലാക്കുക, സംരക്ഷിത കൃഷി നടപ്പിലാക്കുക, ജൈവകൃഷി പ്രോത്സാഹിപ്പിക്കുക, വിളവെടുപ്പനന്തര പരിപാലനം, ഹോർട്ടിക്കൾച്ചർ മേഖലയിലെ യന്ത്രവത്ക്കരണം, ഉത്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഉയർന്ന വില ലഭിക്കുന്നതിനും ഗ്രേഡിംഗ് പായ്ക്കിംഗ് തുടങ്ങിയവ നടപ്പിലാക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly